കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

# മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ**
e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി.8/148/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,ആലപ്പുഴ
ഫോൺ – 0477 2252753
തീയതി: 13.02.2020
ഇ-മെയിൽ -ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

*************************

1994 – ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 – ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി.8/148/2020 തീയതി: 13.02.2020

# ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 01.02.2019 മുതൽ 06.01.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.വി. സന്തോഷ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27.12.2019 മുതൽ 10.01.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.എസ്.എൽസമ്മ, ഓഡിറ്റ് ഓഫീസർ[ഹ.ഗ്രേ.] (07.01.2020 വരെ)<br>ശ്രീ. പുഷ്പരാജ്.വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (10.01.2020 വരെ)<br>ശ്രീമതി.പി.ഡബ്ല്യൂ.ജാക്വിലിൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ(07.01.2020 വരെ)<br>ശ്രീമതി.പ്രീത, ഓഡിറ്റർ (07.01.2020 വരെ) |

## (ബി)നിർവ്വഹണാധികാരികൾ

### 1. പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|
| ഡി.പ്രിയേഷ്കുമാർ | 01.04.2018 മുതൽ 31.03.2019വരെ |

2. <u>സെക്രട്ടറി</u>

| പേര് | കാലയളവ് |
|---|---|
| കെ.എം.ഷിബു | 01.04.2018 മുതൽ 31.03.2019 വരെ |

3. <u>സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ/ചെയർപേഴ്സൺ</u>

| | | |
|---|---|---|
| ധനകാര്യം | ഷീബ.എസ്.കുറുപ്പ് | 01.04.2018 മുതൽ 31.03.2019 വരെ |
| വികസനകാര്യം | പി.ബി.കുറുപ്പ് | 01.04.2018 മുതൽ 31.03.2019 വരെ |
| ക്ഷേമകാര്യം | മിനി ആന്റണി | 01.04.2018 മുതൽ 31.03.2019 വരെ |
| ആരോഗ്യ-വിദ്യാഭ്യാസകാര്യം | കെ.കെ.രമണൻ | 01.04.2018 മുതൽ 31.03.2019 വരെ |

4. <u>മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ഷെറിൻ.എസ്.മസൂദ് | 01.04.2018 മുതൽ 03.11.2018 വരെ |
| | റോഷ്ന.എസ് | 04.11.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, | ഡോ.രജനി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ജിജി ജോൺ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.വിദ്യ. എം.പൈ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.ജോർജ്ജ് വർഗീസ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | സന്ധ്യ.എസ്.പുത്തൻവെളി | 01.04.2018 മുതൽ 31.03.2019 വരെ |
| പ്രധാന അധ്യാപിക,<br>ഗവ. എൽ.പി.എസ് | സ്വർണ്ണമ്മ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ലീന.ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ഹാഷ്മി രാജ് | 01.04.2018 മുതൽ 31.03.2019വരെ |
| | സ്മിത.ഒ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | സലീല | 01.04.2018 മുതൽ 31.03.2019 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | അനരാജ് | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ജി.വി.വിനോദ്കുമാർ | 01.04.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>

| ക്രമ | ഖണ്ഡിക നം. | ഇനം |
|---|---|---|

| നം. | | |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 മുതൽ<br>1-10 വരെ | ബജറ്റ് |
| 2 | 1-11 | മൊബൈൽ ടവറുകളുടെ വസ്തുനികുതി -തുടർനടപടികൾ കാര്യക്ഷമമാകണം |
| 3 | 1-12 | തൊഴിൽ നികുതി കൃത്യമായി ഈടാക്കുന്നില്ല |
| 4 | 1-13 | പഞ്ചായത്ത് ലൈസൻസ് (ഫാക്ടറി /വ്യാപാര /സംരംഭക /സേവനങ്ങൾ) - അപാകങ്ങൾ |
| 5 | 1-14 | സർക്കാർ ഗ്രാന്റുകൾ പൂർണ്ണമായും ചെലവഴിച്ചില്ല- 36.91 ലക്ഷം രൂപ പാഴായി |
| 6 | 1-15 | പദ്ധതി രൂപീകരണ ചെലവുകൾ തനത് ഫണ്ടിൽ നിന്നും വകയിരുത്തി |
| 7 | 1-16 | ശുചിത്വ മിഷനിൽ നിന്നും ലഭിച്ച തുക നാളിതുവരെയും ചെലവഴിച്ചിട്ടില്ല |
| 8 | 1-17 | ധനവിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചില്ല |
| 9 | 1-18 | മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല |
| 10 | 1-19 | പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ - അപാകതകൾ |
| 11 | 1-20 | ആരോഗ്യസേന (പ്രോജക്ട് നം.S0047/19) പ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്നില്ല |
| 12 | 1-21 | ഇടവിളകൃഷി വ്യക്തികൾക്ക് - വിതരണ രേഖകൾ അപൂർണ്ണം |
| 13 | 1-22 | പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 14 | 1-23 | തെളിനീർ ജപ്പാൻ കുടിവെള്ള പദ്ധതി - അപാകതകൾ |
| 15 | 1-24 | വൃദ്ധർക്ക് കട്ടിൽ- മാർഗ്ഗരേഖ ലംഘിച്ച് ആനുകൂല്യം അനുവദിച്ചു |
| 16 | 1-25 | കേരള പൊതുമരാമത്ത് വകുപ്പ് മാനുവലിലെ വ്യവസ്ഥകൾ പാലിക്കാതെ കരാറുകാർക്ക് പ്രവൃത്തി പൂർത്തീകരണത്തിന് അധിക സമയം അനുവദിച്ചു |
| 17 | 1-26 | ഓഡിറ്റ് ഇംപാക്ട്- കരാറുകാരിൽ നിന്നും പഞ്ചായത്തിന് ലഭിക്കേണ്ടതായ ഫൈനുകൾ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഈടാക്കി |
| 18 | 1-27 | എം.ജി.എൻ.ആർ.ഇ.ജി.എസ്- ലാന്റ് റിലിങ്ക്വിഷ്മെന്റ്- തുടർ നടപടികൾ സ്വീകരിക്കുന്നില്ല |
| **ഭാഗം – 2** | | |
| ഇല്ല | | |
| **ഭാഗം – 3** | | |
| ഇല്ല | | |
| 19 | 4-1 മുതൽ<br>4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 20 | അനുബന്ധം.1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 21 | അനുബന്ധം.2 | |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്.

# 1-1 ബജറ്റ്

23.3.2018തീയതിയിലെ 1(1)തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 334935905 | 327211457 |
| വാർഷികകണക്ക് പ്രകാരം | 130435528 | 126413241 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 10.04.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 22397125 |
| വരവ് | 130435528 |
| ആകെ | 152832653 |
| ചെലവ് | 126413241 |
| നീക്കിയിരിപ്പ് | 26419412 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 20495998 | 20495998 | 19478752 | 1017246 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 5052000 | 5052000 | 5049042 | 2958 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 544000 | 544000 | 424000 | 120000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 4187000 | 4187000 | 4187000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 5361000 | 5361000 | 4959690 | 401310 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | | 11746693 | 11746693 | 9596319 | 2150374 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 95855300 | 95855300 | 95855300 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 46859.50 | 812437 | 859296.5 | 847353 | 11943.5 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 80000 | 3492792 | 3572792 | 3443079 | 129200 |
| | ജില്ലാ പഞ്ചായത്ത് | 4000000 | 4311709 | 8311709 | 2699470 | 5612239 |
| ബി ഫണ്ട് | | 0 | 1029480 | 1029480 | 1029480 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 114 | 173998260 | 91 | 93200964 | 21 | 2 | 80 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 46859.5 | 812437 | 859296.5 | 847353 | 11943.5 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 95855300 | 95855300 | 95855300 | 0 |
| ആകെ | 46859.5 | 96667737 | 96714596.5 | 96702653 | 11943.5 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 819480 | 482 |
| കർഷകതൊഴിലാളി പെൻഷൻ | 7611500 | 59 |
| വിധവാപെൻഷൻ | 8166800 | 701 |
| വാർദ്ധക്യകാലപെൻഷൻ | 11442800 | 1029 |
| വികലാംഗപെൻഷൻ | 5756700 | 455 |
| അവിവാഹിത പെൻഷൻ | 1641600 | 129 |
| വിവാഹ ധനസഹായം | 180000 | 6 |

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.12.2019 | 11/2019 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.11.2017 – 19.11.2017 | 2012-2017 | 06.01.2018 |

## 1-9 <u>ക്യാഷ് വെരിഫിക്കേഷൻ</u>

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.12.2019-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2766/- രൂപ ക്യാഷ് ബാലൻസിന്റെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 <u>ആഭ്യന്തരനിയന്ത്രണം</u>

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിൽ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിച്ചിട്ടില്ല. ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്ന് ഉറപ്പുവരുത്താൻ പഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട്.
2. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ നേരിട്ട് സെക്ഷനിലേക്ക് കൊടുക്കുന്ന രീതിയാണ് തുടരുന്നത്. തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല.
3. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.
4. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
5. സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
6. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
7. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.
8. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല.
9. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
10. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

### 1-10 (എ) വാർഷിക കണക്കിലെ അപാകതകൾ

നം.കെ.എസ്.എ–എ.എൽ.പി–പി.8/546/2019/29.06.19 പ്രകാരം പുറപ്പെടുവിച്ച അക്കൌണ്ട്സ് സർട്ടിഫിക്കേഷ നിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

## 1-11 മൊബൈൽ ടവറുകളുടെ വസ്തുനികുതി -തുടർനടപടികൾ കാര്യക്ഷമമാകണം

പഞ്ചായത്ത് പരിധിയിൽ ആകെ 13 മൊബൈൽ ടവറുകൾ ഉള്ളതിൽ 6 എണ്ണത്തിന് മാത്രമാണ് വസ്തുനികുതി ഈടാക്കുന്നത്. ബാക്കി 7 എണ്ണത്തിന് പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചതായിട്ടാണ് മറുപടി ലഭ്യമാക്കിയത്. കേസ് നടപടികളുടെ പുരോഗതി വിലയിരുത്തി, നികുതി ഈടാക്കാൻ ശ്രമിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് പരിധിയിൽ മറ്റ് ടവറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ പരിശോധിച്ച് ഡിമാന്റ് ചെയ്ത് നികുതി ഈടാക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി കൃത്യമായി ഈടാക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ **204** പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ ഓരോ അർദ്ധവർഷവും 60 ദിവസത്തിൽ കുറയാതെ തൊഴിൽ, കല, ജോലി എന്നിവയിലേർപ്പെടുകയോ ഉദ്യോഗം വഹിക്കുന്നതോ ആയ എല്ലാവരും നിയമപ്രകാരമുള്ള വരുമാന സ്ലാബിനനുസൃതമായ തൊഴിൽ നികുതി നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, അർദ്ധ വാർഷിക പത്രികകൾ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിട്ടില്ല.

**1.**ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളു ഷാപ്പുകൾ, റേഷൻ കടകൾ എന്നിവയിലെ ജീവനക്കാർ അങ്കണവാടി ജീവനക്കാർ, കോൺട്രാക്ടർമാർ, സി.ഡി.എസ് അക്കൌണ്ടന്റ്, ആശാ വർക്കർമാർ, പാലിയേറ്റീവ് നഴ്സ്, ബഡ്സ് സ്കൂൾ ടീച്ചർമാർ, പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

<u>**2.സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**</u>

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | റൂറൽ ഹൗസിംഗ് കോ-ഓപ്പറേറ്റിവ് ബാങ്ക് | 1&2 |
| 2 | ക്ഷീരോൽപ്പാദക സഹകരണ സംഘം-എ221 | 1&2 |
| 3 | ക്ഷീരോൽപ്പാദക സഹകരണ സംഘം- എസ്.എൽ.പുരം. | 1&2 |
| 4 | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്-എ64 | 2 |
| 5 | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്-എ97 | 2 |
| 6 | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്-1509 | 1&2 |
| 7 | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്-1179 | 1&2 |
| 8 | ചേർത്തല ഗവ സർവ്വൻസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 2 |
| 9 | ധനലക്ഷ്മി ബാങ്ക്-കണിച്ചുകുളങ്ങര | 1&2 |
| 10 | ഫെഡറൽ ബാങ്ക് | 2 |
| 11 | ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക്- | 1 |
| 12 | മാരാരി ബീച്ച് റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ്. | 1 |
| 13 | ചാരങ്കാട്ട് Coir Manufacturing Ltd. | 1&2 |
| 14 | മാരാരിക്കുളം coir mats &mattings society. | 1&2 |
| 15 | മാവേലി സ്റ്റോർ,കണിച്ചുകുളങ്ങര | 1&2 |
| | | |

| | | |
|---|---|---|
| 16 | S N spices, പൂപ്പള്ളിക്കാവ് | 2 |
| 17 | ക്ഷീരോൽപ്പാദക സഹകരണ സംഘം-ജനക്ഷേമം-A-284 | 2 |
| 18 | United India Assurance company | 1&2 |
| 19 | കെ.എസ്.എഫ്.ഇ | 1 |
| 20 | ബി.എസ്.എൻ.എൽ | 1&2 |
| 21 | വിജയ ബാങ്ക് | 1 |
| 22 | പൊക്ലാശ്ശേരി KUCS A242(D) Apcos | 1&2 |
| 23 | Zandari Pearl Resorts, മാരാരിക്കുളം | 1&2 |
| 24 | Emarco Agro Tech Pvt Ltd, തിരുവിഴ | 1&2 |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി/സ്ഥാപന നികുതി ഈടാക്കി ആയതിന്റെ രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. തൊഴിൽ നികുതി കൃത്യമായും കാര്യക്ഷമമായും പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 പഞ്ചായത്ത് ലൈസൻസ് (ഫാക്ടറി /വ്യാപാര /സംരംഭക / സേവനങ്ങൾ) - അപാകങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. <u>ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു</u>

1996 - ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 232(1) 233(എ) അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്.

എന്നാൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2018-19 വർഷത്തിൽ ലൈസൻസ് എടുത്തതായി കാണുന്നില്ല.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 19 റേഷൻ കടകൾ, 7 കള്ള് ഷാപ്പുകൾ 2018-19 വർഷം ലൈസൻസ് എടുത്തിട്ടില്ല. നിലവിലും ഇവ ലൈസൻസില്ലാതെയാണ് പ്രവർത്തിച്ചു വരുന്നത്.

വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 9 ന് നൽകിയ മറുപടിയിൽ റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവർക്ക് ലൈസൻസ് എടുക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ സ്ഥാപനങ്ങളും നിയമാനുസൃതം ലൈസൻസ് എടുക്കുന്നുവെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

<u>2.മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല</u>

താഴെ പറയുന്ന സ്ഥാപനങ്ങൾ നൽകിയിരിക്കുന്ന അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി പ്രസ്തുത ചട്ടത്തിലെ പട്ടിക 3 പ്രകാരം ഈടാക്കാവുന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല.

അപേക്ഷകരുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ നം: | വാർഡ് നം/ | ഉടമസ്ഥന്റെ പേര് | യന്ത്രത്തിന്റെ കുതിര ശക്തി | ഈടാക്കേണ്ടിയിരുന്ന ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|---|

| | കെട്ടിട നം. | | | | | |
|---|---|---|---|---|---|---|
| 1 | VII/596 | ഫാ.സെബാസ്റ്റിൻ | 8HP | 100 | - | 100 |
| 2 | VIII/595 | ഫാ.ജോളി സിൻവ | 30HP | 300 | - | 300 |
| 3 | X/46 | | 70HP | 1000 | 500 | 500 |
| 4 | VI/22 | | 10HP | 100 | 50 | 50 |

മേൽ അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ (നം:9,തീയതി 4-01-2020) അടിസ്ഥാനത്തിൽ കുറവു വന്ന തുക 950/- രൂപ സ്ഥാപന ഉടമകളിൽ നിന്നും 06/01/2020, 07/01/2020 - ൽ ഈടാക്കി രേഖകൾ ഹാജരാക്കിയിട്ടുണ്ട് .

മേൽപ്പറഞ്ഞ അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 സർക്കാർ ഗ്രാന്റുകൾ പൂർണ്ണമായും ചെലവഴിച്ചില്ല- 36.91 ലക്ഷം രൂപ പാഴായി

സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളിൽ ചെലവഴിക്കപ്പെടാതെ ബാക്കിയായത് ലക്ഷക്കണക്കിന് രൂപയാണ്. ഇവയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | തൻവർഷ അലോട്ട്മെന്റ് | ചെലവ് | ചെലവഴിക്കപ്പെടാത്ത തുക |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 20495998 | 19478752 | 1017246 |
| വികസനഫണ്ട്-എസ്.സി.പി. | 5052000 | 5049042 | 2958 |
| വികസനഫണ്ട്-ടി.എസ്.പി | 544000 | 424000 | 120000 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 5361000 | 4959690 | 401310 |
| കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് | 11746693 | 9596319 | 2150374 |
| **ആകെ** | | | 3691888 |

ഓഡിറ്റ് വർഷം പഞ്ചായത്തിന് വിവിധ ഇനങ്ങളിലുള്ള പദ്ധതി വിഹിതമായി ആകെ 173998260/- രൂപ വകയിരുത്തിയിരുന്നു. എന്നാൽ 93200964/- രൂപ മാത്രമാണ് ചെലവഴിച്ചത്. ഏറ്റെടുത്ത പദ്ധതികളിൽ, പ്രത്യേകിച്ചും മരാമത്തു പദ്ധതികളിൽ ഭൂരിഭാഗവും നടപ്പാക്കാതെ ബാക്കി 15 ലക്ഷത്തോളം രൂപ നഷ്ടമായി.

വർഷാവസാനം ചെലവഴിക്കാതെ ബാക്കിയാകുന്ന ഫണ്ടുകൾ പാഴാകുന്നതാണെന്ന് നേരത്തെതന്നെ സർക്കാർ നിർദ്ദേശം നൽകിയിരുന്നെങ്കിലും പദ്ധതി പണം ചെലവഴിക്കുന്നതിൽ പഞ്ചായത്ത് വേണ്ടത്ര മുന്നൊരുക്കം നടത്തിയിട്ടില്ലാത്തതു കൊണ്ടാണ് ഇത്രയും വലിയ തുക പഞ്ചായത്തിന് നഷ്ടമായത്. ഫണ്ടു വിനിയോഗത്തിലെ ഈ പോരായ്മ പരിഹരിക്കുന്നതിന് പദ്ധതി നടത്തിപ്പിൽ കുറേക്കൂടി ജാഗ്രതയും ദീർഘവീക്ഷണവും ഭാവിയിൽ ഉണ്ടാകേണ്ടതായുണ്ട്. ഭൗതിക സൗകര്യങ്ങൾ കുറഞ്ഞ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ ലഭ്യമായ ഇത്രയും ഭീമമായ തുക യഥാസമയം ചെലവഴിക്കാൻ കഴിയാതിരുന്നത് ഗൗരവതരമാണ്. ആയതിനാൽ ഈ വിഷയത്തിൽ പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി പരമാവധി വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-15 പദ്ധതി രൂപീകരണ ചെലവുകൾ തനത് ഫണ്ടിൽ നിന്നും വകയിരുത്തി

2018-19 വർഷത്തെ പദ്ധതി രൂപീകരണ, നിർവ്വഹണ, മോണിറ്ററിംഗ് ചെലവുകൾ നിർവ്വഹിക്കുന്നതിനായി തനത് ഫണ്ടിൽ നിന്നും 2,50,000/-രൂപ വകയിരുത്തി ഒരു പ്രോജക്റ്റ് (പ്രോജക്റ്റ്.നം. 1/19) ആവിഷ്കരിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 159050/- രൂപയാണ് തൻവർഷം ചെലവുള്ളത്.

സ.ഉ(എം.എസ്)നം.11/18/ത.സ്വ.ഭ.വ തീയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 8.4 പ്രകാരം പദ്ധതി രൂപീകരണത്തിനായി വികസന ഫണ്ടിൽ നിന്നും 3 ലക്ഷം രൂപയും (പരമാവധി 2%) നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയ്ക്കായി 1.5 ലക്ഷം രൂപയും (പരമാവധി 1%) ചെലവഴിക്കാവുന്നതാണ്. പദ്ധതി രൂപീകരണം, മോണിറ്ററിംഗ് എന്നിവയ്ക്കായി വികസന ഫണ്ട് ചെലവഴിക്കാമെന്നിരിക്കെ ഗ്രാമപഞ്ചായത്തിൽ ഇക്കാര്യത്തിനായി തനത് ഫണ്ട് വകയിരുത്തി ചെലവഴിച്ചത് സാമ്പത്തികാസൂത്രണത്തിന്റെ പരിമിതിയായി കണക്കാക്കുന്നു.

എല്ലാ ബാധ്യതകളും തിട്ടപ്പെടുത്തി തനത് ഫണ്ടിൽ നിന്നും കിഴിവ് ചെയ്തതിനുശേഷം ബാക്കി തുകയുണ്ടെങ്കിൽ മാത്രമേ തനത് ഫണ്ടിൽ നിന്നും പദ്ധതി പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തുവാൻ സാധിക്കുകയുള്ളൂ. തുടർവർഷങ്ങളിൽ തനത് ഫണ്ടിന്റെ യഥാർത്ഥ സ്ഥിതി വിലയിരുത്തി മാത്രം ഇത്തരത്തിൽ തനത് ഫണ്ടിൽ നിന്നും തുക വകയിരുത്തി പ്രോജക്ട് ആവിഷ്കരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-16 ശുചിത്വ മിഷനിൽ നിന്നും ലഭിച്ച തുക നാളിതുവരെയും ചെലവഴിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ 2018-19-ലെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക Balance Sheet- Schedule B-4 എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന തുകകൾ നാളിതുവരെയും ചെലവഴിച്ചിട്ടില്ല.

| Balance Sheet- Schedule B-4 – Code No: | Particulars | Amount |
|---|---|---|
| 320100115 | Centrally Sponsored Scheme- TSC | 7292 |
| 320200322 | Grants from Suchitwa Mission | 1215866 |
| 320300103 | Total Sanitation | 1044000 |

ശുചിത്വ മിഷനിൽ നിന്നും ലഭിച്ച തുക നാളിതുവരെയും ചെലവഴിക്കാത്തതിനു കാരണം ലഭ്യമാക്കേണ്ടതാണ്.

## 1-17 ധനവിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചില്ല

a)പ്രോജക്ട് നം.87/2018-19 ഹൈടെക് കോൺഫറൻസ് ഹാൾ ഓഫീസ് നവീകരണം

അടങ്കൽ 426425 (വികസനഫണ്ട്) 5500000(സി.എഫ്.സി.),3010000 (തനതുഫണ്ട്)

ചെലവ് 426425 (വികസനഫണ്ട്) 5500000 (സി.എഫ്.സി.) 0 (തനതുഫണ്ട്)

ഹൈടെക് കോൺഫറൻസ് ഹാൾ ഓഫീസ് നവീകരണം എന്ന പദ്ധതിയുടെ നിർവ്വഹണം നടത്തുന്നതിനായി വികസനഫണ്ടിൽ നിന്നും 426425/- രൂപയും (ബിൽ നം.26/18-19/22.3.19) സി.എഫ്.സി.യിൽ നിന്നും 55,00,000/- രൂപയും (വൗ.നം.21800704/31.10.18, 2180083/30.11.18, 21801305/22.3.19) ഉൾപ്പെടെ ആകെ 59,26,425/- രൂപ പിൻവലിച്ച് അംഗീകൃത ഏജൻസിയായ കാഡ്കോക്ക് (കേരള ആർട്ടിസൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ആയതിന്റെ പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റും ധനവിനിയോഗ സർട്ടിഫിക്കറ്റും ലഭ്യമാക്കാ നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അവ ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കാമെന്ന മറുപടി നൽകിയിട്ടുണ്ട്. സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതുവരെ തുക തടസ്സപ്പെടുത്തുന്നു.

b)പ്രോജക്ട് നം.40/-18-19

പ്രോജക്ടിന്റെ പേര്- ഐ.കെ.എം. വിഹിതം നൽകൽ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഐ.കെ.എം. വിഹിതം നൽകുന്നതിനുവേണ്ടി ആവിഷ്കരിച്ച 40/18-19-ാം നമ്പർ പ്രോജക്ടിൽ തനതുഫണ്ടിൽ നിന്നും 89693/- രൂപ വകയിരുത്തിയിരുന്നു. 09.11.2018-ലെ വൗച്ചർ നം. 21800767പ്രകാരം 89693/-രൂപ പിൻവലിച്ച് ഇൻഫർമേഷൻ കേരള മിഷന് നൽകിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കാത്തതിനാൽ ചെലവുതുക തടസ്സപ്പെടുത്തുന്നു.

c)പ്രോജക്ട് നം. 39/-18-19

പ്രോജക്ടിന്റെ പേര്- കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ

ഗ്രാമ പഞ്ചായത്തിലെ 1 മുതൽ 18 വരെയുള്ള വാർഡുകളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി 2,09,000/-രൂപ (വൗച്ചർ നം.21800702/31.10.18–196000/-,വൗച്ചർ നം.21800703/31.10.18–13000/-) പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും പിൻവലിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കാത്തതിനാൽ ചെലവുതുക തടസ്സപ്പെടുത്തുന്നു.

d)പ്രൊജക്ട് - കന്നുകുട്ടി പരിപാലനം (37/18-19)

അടങ്കൽ – 18,75,000 (വികസനഫണ്ട് )

ചെലവ് -18,75,000 (ബിൽ നം.2/18-19/30.11.18

പദ്ധതി പ്രകാരം 30 ഗുണഭോക്താക്കൾക്കായി 18,75,000/- രൂപ ആലപ്പുഴ, അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡിന് നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്. തുക വിനിയോഗിച്ചതിന്റെ രേഖകളും (സാക്ഷ്യപത്രം ) ഹാജരാക്കിയിട്ടില്ല. ചെലവുതുക തടസ്സപ്പെടുത്തുന്നു.

.

## 1-18 മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല

പ്രോജക്ടിന്റെ പേര് - ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട് നം.- S0023/19

മെയിന്റനൻസ് ഫണ്ട് റോഡിതരം

അടങ്കൽ- 2,50,000

ചെലവ്- 2,50,000

ബിൽ നം.1/18/19, 16/10/18, 250000/-

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നം. S0023/19) എന്ന പ്രോജക്ടിനായി ബിൽ നം.1/18 തീയതി. 16.10.2018 പ്രകാരം 2,50,000/- രൂപ പിൻവലിച്ച് ഹോംകോയ്ക്ക് മുൻകൂർ നൽകിയിട്ടുണ്ട്. 2,45,330/- രൂപയുടെ മരുന്ന് ലഭിക്കുകയും വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 4670/- രൂപയുടെ മരുന്നുകൾ ലഭ്യമാകുന്നതിനായി ഹോംകോയുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നാണ് മെഡിക്കൽ ഓഫീസർ ഓഡിറ്റ് എൻക്വയറി (നം-5) ക്ക് മറുപടി നൽകിയിട്ടുള്ളത്. മരുന്നു ലഭ്യമാകാത്ത സാഹചര്യത്തിൽ 4,670/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാകുന്ന മുറക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനയ്ക്കായി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

പദ്ധതി പ്രവർത്തനങ്ങളിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സജീവ ശ്രദ്ധയും മേൽനോട്ടവും ഉണ്ടാകേണ്ടതാണ്.

## 1-19 പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ - അപാകതകൾ

**1)<u>സർക്കാർ ഉത്തരവ് പാലിക്കാതെ തുക ചെലവഴിക്കുന്നു</u>**

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ സുഗമവും സുതാര്യവുമായ നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് (3217/15/ത.സ്വ.ഭ.വ.തീയതി.29.10.2015) പ്രകാരം പാലിയേറ്റീവ് പരിചരണ നോമിനൽ രജിസ്റ്ററിൽ

ഉൾപ്പെടുത്തി യിരിക്കുന്ന രോഗികളുടെ പേരുകൾ (മരണപ്പെട്ടവരും, ഒഴിവാക്കപ്പെട്ടവരും ഒഴികെ) അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ മേൽപ്പറഞ്ഞ ഉത്തരവിന്റെ തീയതി (29.10.15) മുതൽ 60 ദിവസത്തിനകം പ്രദർശിപ്പിക്കണമെന്നും അല്ലാത്ത പക്ഷം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്ക് തുക വിനിയോഗിക്കാൻ പാടില്ലായെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നളിതുവരെ പാലിയേറ്റീവ് പരിചരണത്തിൽപ്പെട്ട രോഗികളുടെ പേരുകൾ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടില്ല. ആയതിനാൽ പാലിയേറ്റീവിനായി ചെലവഴിച്ച തുകയ്ക്ക് നിയമസാധുതയില്ലാതാകുന്നു. പാലിയേറ്റീവ് പരിചരണത്തിനായി തൻവർഷം ഗ്രാമപഞ്ചായത്ത് 8,24,900/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

(2)<u>പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി കൃത്യമായി യോഗം കൂടുന്നില്ല</u>

പാലിയേറ്റീവ് കെയർ പദ്ധതികളുടെ നടത്തിപ്പിനും മേൽനോട്ടത്തിനും വേണ്ടി പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി കൃത്യമായി യോഗം കൂടേണ്ടതാണ്. മൂന്ന് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും തീരുമാനങ്ങൾ എടുക്കേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തിലെ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി മിനിട്സ് പരിശോധിച്ചതിൽ കൃത്യമായ ഇടവേളകളിൽ യോഗം കൂടുന്നില്ല. തൻ വർഷം യോഗം കൂടിയിട്ടില്ല. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് കൊണ്ടുപോകുന്നതിനായി പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി യോഗം ചേർന്ന് മേൽനോട്ടം വഹിക്കേണ്ടതാണ്. ഇതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 ആരോഗ്യസേന (പ്രോജക്ട് നം.S0047/19) പ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്നില്ല

പ്രോജക്ട് :-രോഗപ്രതിരോധ പകർച്ചവ്യാധി നിയന്ത്രണം (പ്രോജക്ട് നം.S0047/19)

വികസന ഫണ്ട്:-200000/-

തനത് ഫണ്ട്:-640000/-

അടങ്കൽ:-840000/-

ചെലവ്:-840000/-

പഞ്ചായത്തിലെ രോഗപ്രതിരോധപ്രവർത്തനങ്ങൾക്കും പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾക്കുമായി തയ്യാറാക്കിയ പദ്ധതിയാണിത്. പദ്ധതി ചെലവിൽ 8,29,000/- രൂപയും 18 വാർഡുകളിലെ ശുചീകരണ പ്രവർത്തനങ്ങൾക്കായിട്ടാണ് ചെലവഴിച്ചിട്ടുള്ളത്. പഞ്ചായത്തിലെ 18 വാർഡുകളിലായി ആരോഗ്യസേനാംഗങ്ങൾ പ്രവർത്തനം നടത്തുന്നുണ്ടെന്നും അറിയിച്ചു. ഓരോ വാർഡിലെയും ആരോഗ്യ സേനയുടെ ബാങ്ക് അക്കൌണ്ടിലേക്കാണ് പണം നൽകിയിട്ടുള്ളത്. എന്നാൽ അക്കൌണ്ട് സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ്, വാർഡ്തല സാനിട്ടേഷൻ സമിതിയുടെ മേൽനോട്ടം എന്നിവയുടെ വിവരങ്ങൾ സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം-20) മറുപടി ലഭിച്ചിട്ടില്ല.

പഞ്ചായത്തിലെ 18 വാർഡുകളിലായി ആരോഗ്യസേനാംഗങ്ങൾ പ്രവർത്തനം നടത്തുന്നുണ്ടെങ്കിലും ഇതു സംബന്ധിച്ച് യാതൊരു രേഖയും ഓഡിറ്റിനു ഹാജരാക്കിയില്ല. ആരോഗ്യ സേന ശരിയായി പ്രവർത്തിക്കുന്നുണ്ടെന്നും പ്രവർത്തന വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

## 1-21 ഇടവിളകൃഷി വ്യക്തികൾക്ക് - വിതരണ രേഖകൾ അപൂർണ്ണം

പ്രോജക്ട് നം -S0116/2019

അടങ്കൽ - 60,000 /- (വികസനഫണ്ട്)

ബിൽ നം .18/18-19 /16.03.19

മേൽ പദ്ധതി പ്രകാരം 600 kg ചെറുപയർ വിത്ത് കി.ഗ്രാമിന് 100/- രൂപ നിരക്കിൽ കേരളാ അഗ്രോ ഇൻഡസ്ട്രീസിൽ നിന്നും വാങ്ങിയിട്ടുണ്ട്. വിതരണ രേഖയിലെ രേഖപ്പെടുത്തൽ പ്രകാരം 190 കി.ഗ്രാം വിത്ത് വാർഡ് തല കൺവീനർമാരാണ് കൈപ്പറ്റിയിട്ടുള്ളത്. 410 കി.ഗ്രാം വിത്തുകളുടെ വിതരണം സംബന്ധിച്ച് രേഖകൾ ഹാജരാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ പരാമർശിച്ചിട്ടുള്ള കൺവീനർമാരെ എപ്രകാരം തെരഞ്ഞെടുത്തുവെന്ന് വ്യക്തമല്ല. ഇവർ ഓരോ വാർഡിലുമുള്ള കുടുംബങ്ങൾക്ക് ഇവ വിതരണം ചെയ്തതിന്റെ വിതരണ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് നൽകിയിട്ടില്ല. ഈ അപാകതകൾ ഉന്നയിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല. വിതരണ രേഖകളുടെ അഭാവത്തിൽ 410 കി.ഗ്രാം ചെറുപയർ വിത്തിനായി ചെലവഴിച്ച 41000 /- രൂപ തടസ്സപ്പെടുത്തുന്നു. വിതരണ രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-22 പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നം - S0012/19

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം ചെയ്ത എസ്.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം എന്ന പദ്ധതിയിൽ 13 പേർക്ക് ആനുകൂല്യം നല്കിയിട്ടുണ്ട്. ഈ പ്രോജക്ടിനു കീഴിൽ വികസനഫണ്ട് 11,50,000/- രൂപയും ബ്ലോക്ക് വിഹിതം 1,85,000/- രൂപയും ഉൾപ്പെടെ ആകെ 13,35,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 6,50,000/- രൂപ 13 ഗുണഭോക്താക്കൾക്ക് 50,000/-രൂപ വീതം പഠനമുറി നിർമ്മാണത്തിന് മുൻകൂർ നൽകിയതാണ്. ഇവരിൽ 5 ഗുണഭോക്താക്കൾ ഓഡിറ്റ് വർഷം പഠനമുറി നിർമ്മാണം പൂർത്തിയാക്കി. ശേഷിക്കുന്ന 8 പേരിൽ 5 പേർ 2019-20 വർഷമാണ് നിർമ്മാണം പൂർത്തീകരിച്ചത്. എന്നാൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

1. കനകമ്മ, മുണ്ടാംപള്ളി

2. ശാന്ത. എ, കൈതവളപ്പിൽ

3. പുഷ്പാംഗദൻ, അജീന്ദ്രഭവനം

2018-19 വർഷം തുക മുൻകൂർ കൈപ്പറ്റിയിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാത്തതിനാൽ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ അല്ലാത്ത പക്ഷം അഡ്വാൻസായി നല്കിയ തുക തിരികെ ഈടാക്കുകയോ ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പഠനമുറി നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് അനുവദിച്ച മുൻകൂർ തുക 1,50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-23 തെളിനീർ ജപ്പാൻ കുടിവെള്ള പദ്ധതി - അപാകതകൾ

പ്രോജക്ട് നം. - S0013/19

അടങ്കൽ - 120000 /-(എസ്.സി.പി )

ബിൽ നം. - 08/18-19/24.11.18 / 37500/-

വാട്ടർ കണക്ഷൻ പദ്ധതിക്കായി 7 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയിട്ടുണ്ട്. ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

സ.ഉ (കൈ) നം. 22/18/ത.സ്വ.ഭ.വ, തിരു. 14.02.18 ഉത്തരവ് പ്രകാരം പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിന് കുടിവെള്ള കണക്ഷന്റെ യഥാർത്ഥ ചെലവാണ് അനുവദിക്കേണ്ടത്. പദ്ധതി പ്രകാരം ഭാനുമതി എന്ന ഗുണഭോക്താവിന് 7500/- രൂപ കൈമാറിയിട്ടുണ്ട്. ഏജൻസി ഹാജരാക്കിയ എസ്റ്റിമേറ്റിൽ പ്ലാനും ഫയലും, ഓഫീസ് ചെലവും വാട്ടർമീറ്റർ, പൈപ്പ്, ഫിറ്റിംഗ്സ്, ലേബർ ചാർജ്ജുൾപ്പെടെ 6000/- രൂപ മാത്രമാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ ഫയലിൽ ലഭ്യമായ ഭാനുമതിയുടെ കൈപ്പറ്റ് രസീതിൽ 7000/- രൂപ കൈപ്പറ്റിയതായും കാണിച്ചിരിക്കുന്നു.

ആനുകൂല്യത്തിന് അർഹയായ രാധ എന്ന മറ്റൊരു ഗുണഭോക്താവിന് സാംഖ്യാ സ്റ്റേറ്റ്മെന്റ് പ്രകാരം 7500/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ടി വ്യക്തിയുടെ കൈപ്പറ്റ് രസീതിൽ 7000/-രൂപ കൈപ്പറ്റിയതായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

മേൽ അപാകതൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് കൃത്യമായ മറുപടി നൽകേണ്ടതാണ്.

## 1-24 വൃദ്ധർക്ക് കട്ടിൽ- മാർഗ്ഗരേഖ ലംഘിച്ച് ആനുകൂല്യം അനുവദിച്ചു

പ്രോജക്ട് നം. : 78

പ്രോജക്ടിന്റെ പേര് : വൃദ്ധർക്ക് കട്ടിൽ

അടങ്കൽ : 261000

ചെലവ് : 260969

(1.ട്രഷറി ബിൽ നം.10 ക്യാഷ് ചെയ്ത തീയതി.19.12.18-200000/- രൂപ

2.ട്രഷറി ബിൽ നം.11 ക്യാഷ് ചെയ്ത തീയതി.20.01.19-60969/- രൂപ)

നിർവ്വഹണം:ഐ.സി.ഡി.എസ് സൂപ്പർവൈസർ

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പിന്റെ 14.02.2018-ലെ സ.ഉ (കൈ)നം. 22/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് ഖണ്ഡിക 7.1.13.(2) പ്രകാരം 60 വയസ് കഴിഞ്ഞ വയോജനങ്ങൾക്ക് ഉത്തരവിൽ നിശ്ചയിച്ചിട്ടുള്ള വലിപ്പത്തിലുള്ള കട്ടിൽ വാങ്ങി നല്കാം എന്ന പറഞ്ഞിരിക്കുന്നു. മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം ഈ പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് അപേക്ഷ സ്വീകരിക്കുന്ന സമയത്തും ആനുകൂല്യം കൈപ്പറ്റുന്ന സമയത്തും 60 വയസ് കഴിഞ്ഞിട്ടില്ലായെന്ന് അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള റേഷൻ കാർഡിന്റെ പകർപ്പിൽ നിന്നും വ്യക്തമാകുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | 2017-ലെ റേഷൻ കാർഡ് പ്രകാരം പ്രായം |
|---|---|---|
| 1. | സൈറസ്, ആറാട്ടുകുളങ്ങര<br>വാർഡ് നം.15 | 56 |
| 2. | പെണ്ണമ്മ, തട്ടുപുരയ്ക്കൽ<br>വാർഡ് നം.5 | 56 |
| 3. | ഗിരിജ.കെ.എസ്, കുഞ്ഞൻവീട്<br>വാർഡ് നം.6 | 56 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22 തീയതി.07.01.2020) മറുപടി ലഭ്യമാക്കുകയോ ഇവരുടെ പ്രായം തെളിയിക്കുന്നതിന് മറ്റ് രേഖകൾ ഹാജരാക്കുകയോ ഉണ്ടായില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി അർഹതയില്ലാത്തവർക്ക് ആനുകൂല്യം നല്കാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

# 1-25 കേരള പൊതുമരാമത്ത് വകുപ്പ് മാനുവലിലെ വ്യവസ്ഥകൾ പാലിക്കാതെ കരാറുകാർക്ക് പ്രവൃത്തി പൂർത്തീകരണത്തിന് അധിക സമയം അനുവദിച്ചു

കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ റിവൈസ്ഡ് എഡിഷൻ 2012- (Revised as per G.O.(P)No.13/2012/PWD dated 01.02.2012) സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാനാവാതെ വരുമ്പോൾ അധികമായി അനുവദിക്കുന്ന സമയം ഓരോ തവണയും, യഥാർത്ഥത്തിൽ അനുവദിച്ച സമയത്തിന്റെ 25% – ത്തിൽ അധികമാകാൻ പാടില്ലായെന്നും, ആകെ അനുവദിക്കുന്ന അധിക സമയം യഥാർത്ഥ പൂർത്തീകരണ സമയത്തിന്റെ 50%-ത്തിൽ കവിയാൻ പാടില്ലായെന്നും വ്യക്തമാക്കിയിരിക്കുന്നു. മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിൽ യഥാസമയം പൂർത്തീകരിക്കാ നാവാത്ത പ്രവർത്തികളിൽ അധിക സമയം അനുവദിക്കുമ്പോൾ നിലവിലുള്ള പൊതുമരാമത്ത് മാനുവലിലെ വ്യവസ്ഥകൾ പാലിക്കുന്നില്ലായെന്ന് കാണുന്നു. പഞ്ചായത്ത് കമ്മറ്റിയുടെ 01.03.2019-ലെ 1(4)-ാം നമ്പർ തീരുമാന പ്രകാരം താഴെപ്പറയുന്ന 4 പ്രവൃത്തികൾക്ക് അധിക പൂർത്തീകരണ സമയം അനുവദിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം./പേര് | സൈറ്റ് കൈമാറിയ തീയതി | യഥാർത്ഥ പൂർത്തീകരണ കാലാവധി / തീയതി | പുതിയ പൂർത്തീകരണ തീയതി | അധികമായി അനുവദിച്ച ദിവസം / യഥാർത്ഥ പൂർത്തീകരണ സമയത്തിന്റെ % |
|---|---|---|---|---|---|
| 1 | 53/2019-പനയ്ക്കൽ മൂപ്പശ്ശേരി റോഡ് നവീകരണം | 16.08.2018 | 120/13.12.2018 | 31.3.2019 | 108 / 90% |

| | | | | | |
|---|---|---|---|---|---|
| 2 | 59/2019- കണ്ടനാട് കാനേവെളി റോഡ് നവീകരണം | 16.08.2018 | 120/13.12.2018 | 31.03.2019 | 108 / 90% |
| 3 | 61/2019- എസ്.എൻ കോളേജ് എ.എസ് കനാൽ റോഡ് | 16.08.2018 | 120/13.12.2018 | 31.03.2019 | 108 / 90% |
| 4 | 64/2019- ഷാഡോ കുരിശ്ശടി റോഡ് നിർമാണം | 16.08.2018 | 120/13.12.2018 | 31.03.2019 | 108 / 90% |

നിലവിലുള്ള പൊതുമരാമത്ത് മാനവലിലെ വ്യവസ്ഥകൾ പ്രകാരം മേൽ പ്രവർത്തികൾക്ക് അനുവദിക്കാമായിരുന്ന പരമാവധി അധിക സമയം 60 ദിവസം മാത്രമാണ്. എന്നാൽ ഇവിടെ 108 ദിവസങ്ങൾ അധികമായി അനുവദിച്ചിരിക്കുന്നു. നിലവിലുള്ള നിയമ വ്യവസ്ഥകൾ പാലിക്കാതെ കരാറുകാർക്ക് പ്രവൃത്തി പൂർത്തീകരണത്തിന് അധിക സമയം അനുവദിച്ചത് ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-26 ഓഡിറ്റ് ഇംപാക്ട്- കരാറുകാരിൽ നിന്നും പഞ്ചായത്തിന് ലഭിക്കേണ്ടതായ ഫൈനുകൾ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഈടാക്കി

1.യഥാസമയം എഗ്രിമെന്റിൽ ഏർപ്പെടാതിരുന്ന കരാറുകാരനിൽ നിന്നും മതിയായ ഫൈൻ ഈടാക്കിയില്ല- ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക ഒടുക്കി.

കേരള പൊതുമരാമത്ത് വകുപ്പ് മാനവൽ റിവൈസ്ഡ് എഡിഷൻ 2012- (Revised as per G.O.(P)No.13/2012/PWD dated 01.02.2012) സെക്ഷൻ 2009.6 പ്രകാരം പ്രവൃത്തി നിർവ്വഹണത്തിനായി തെരഞ്ഞെടുക്കപ്പെട്ട കരാറുകാർ സെലക്ഷൻ നോട്ടീസിൽ നിഷ്കർഷിച്ചിരിക്കുന്ന സമയ പരിധിക്കുള്ളിൽ കരാറിലേർപ്പെട്ടിട്ടില്ലായെങ്കിൽ ശേഷം വരുന്ന 10 ദിവസം കരാറുകാരനിൽ നിന്നും കോൺട്രാക്ട് തുകയുടെ 1% (മിനിമം-1000/- രൂപ, മാക്സിമം- 25000/- രൂപ) ഫൈൻ വാങ്ങിക്കൊണ്ട് കരാർ വയ്ക്കാം എന്ന് പറഞ്ഞിരിക്കുന്നു. മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം നടപ്പിലാക്കിയ ഹൈടെക്ക് കോൺഫറൻസ് ഹാൾ പൂർത്തീകരണം എന്ന പദ്ധതിയുടെ കരാർ ഏറ്റെടുത്ത ശബരി ബിൽഡേഴ്സ് എന്ന സ്ഥാപനം കരാറിൽ ഏർപ്പെടുന്നതിൽ കാലതാമസം വരുത്തിയിട്ടും കോൺട്രാക്ട് തുകയുടെ 1% (മാക്സിമം- 25000/- രൂപ) പിഴ ഈടാക്കിയതായി കാണുന്നില്ല. ഈ പദ്ധതിയുടെ സെലക്ഷൻ നോട്ടീസ് (നം.3/AE/MNGP തീ.25.09.2017) പ്രകാരം 09.10.2017-ന് മുൻപായി എഗ്രിമെന്റിൽ ഏർപ്പെടേണ്ടതായിരുന്നു. 09.10.2017-ന് ശേഷം കരാർ തുകയുടെ 1% പിഴയോടു കൂടി കരാർ ഉടമ്പടി ഒപ്പു വയ്ക്കുന്നതിന് 10 ദിവസത്തേയ്ക്കു കൂടി സാവകാശം ലഭിക്കുന്നതാണെന്ന് സെലക്ഷൻ നോട്ടീസിൽ പറഞ്ഞിരിക്കുന്നു. എന്നാൽ 10.10.2017-ൽ എഗ്രിമെന്റിൽ (എഗ്രിമെന്റ് നം.22/AE/LSGD/MNGP/ 17-18 തീ.10.10.2017) ഏർപ്പെട്ടിട്ടുള്ള ടിയാനിൽ നിന്നും എഗ്രീഡ് പി.എ.സിയുടെ 1% പിഴയായി ഈടാക്കിയിരുന്നില്ല. ഈ വിവരം ശ്രദ്ധയിൽപ്പെട്ടപ്പോൾ 24.03.2018-ലെ 117020104209 നമ്പർ രസീത് പ്രകാരം 15000/- രൂപ മാത്രം ഫൈൻ ഈടാക്കി. ഓഡിറ്റ് വേളയിൽ ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നല്കിയതിനെ തുടർന്ന് ഒടുക്കാനവശേഷിച്ചിരുന്ന 10000/- രൂപ 06.01.2020-ലെ 119020103052 നമ്പർ രസീത് പ്രകാരം പഞ്ചായത്തിൽ ഒടുക്കി.

2.യഥാസമയം പ്രവർത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കിയില്ല- ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക ഒടുക്കി.

മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന 4 കരാറുകാരിൽ നിന്നും കേരള പൊതുമരാമത്ത് വകുപ്പ് മാനവൽ റിവൈസ്ഡ് എഡിഷൻ 2012- (Revised as per G.O.(P)No.13/2012/PWD dated 01.02.2012) സെക്ഷൻ 2112.1 പ്രകാരമുള്ള ഫൈൻ ഈടാക്കിയിരുന്നില്ല. ഓഡിറ്റ് വേളയിൽ ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.23 തീ.09.01.2020)

നല്കിയതിനെ തുടർന്ന് പ്രസ്തുത കരാറുകാരിൽ നിന്നും ഫൈൻ തുക ഈടാക്കി താഴെപ്പറയും പ്രകാരം പഞ്ചായത്തിൽ ഒടുക്കി.

| ക്രമ നം. | പ്രോജക്ട് നം.<br>പ്രവൃത്തിയുടെ പേര് | ഒടുക്കിയ ഫൈൻ | രസീത് നം./ തീയതി |
|---|---|---|---|
| 1 | 58/19-കമർത്തുശേരി കൂട്ടുങ്കൽ റോഡ് നവീകരണം | 3273/- രൂപ | 119020103094/10.01.2020 |
| 2 | 62/19 - മാനങ്ങാടി കുട്ടേഴത്ത് റോഡ് നവീകരണം | 7391/- രൂപ | 119020103095/10.01.2020 |
| 3 | 67/19 - പെരുന്നോർമംഗലം എൽ.പി.എസ് മെയിന്റനൻസ് | 6297/- രൂപ | 119020103096/10.01.2020 |
| 4 | 55/19 - പുതുക്കാട് കുരിശ്ശേരിൽ റോഡ് നവീകരണം | 8186/- രൂപ | 119020103139/17.01.2020 |

## 1-27 എം.ജി.എൻ.ആർ.ഇ.ജി.എസ്- ലാന്റ് റിലിങ്ക്വിഷ്മെന്റ്- തുടർ നടപടികൾ സ്വീകരിക്കുന്നില്ല

മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം എൻ.ആർ.ഇ.ജി.എസ് പദ്ധതിയിലുൾപ്പെടുത്തി പുതുതായി നിർമിക്കുന്ന താഴെപ്പറയുന്ന റോഡുകൾ കടന്നു പോകുന്ന വസ്തു ഉടമകളിൽ നിന്നും ഭൂമി വിട്ടുനല്കുന്നതിനായുള്ള അപേക്ഷ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം ലഭിച്ച അപേക്ഷകൾ 1958-ലെ കേരള ലാന്റ് റിലിങ്ക്വിഷ്മെന്റ് ആക്ട് പ്രകാരം ആർ.ഡി.ഒ-യ്ക്ക് സമർപ്പിച്ചതായോ തദനുസരണമായ ഉത്തരവുകൾ നേടിയെടുത്തതായോ രേഖകൾ ഫയലിൽ ലഭ്യമല്ല.

| ക്രമ നം. | വർക്ക് കോഡ് | വർക്കിന്റെ പേര് |
|---|---|---|
| 1 | 1611007004/RC/268735 | റെയിൽവേ ക്രോസ്- ഗണപതികാട് ഗ്രാവൽ റോഡ് നിർമാണം വാർഡ്-5 |
| 2 | 1611007004/RC/278547 | വേലശ്ശേരി- നായ്ക്കത്തുശ്ശേരി ഗ്രാവൽ റോഡ് നിർമാണം വാർഡ്-2 |
| 3 | 1611007004/RC/268467 | വടശ്ശേരി- തെക്കേതയ്യിൽ റോഡ് നിർമാണം വാർഡ്-16 |
| 4 | 1611007004/RC/268731 | കടപ്പള്ളി കൊല്ലംപറമ്പ് ഗ്രാവൽ റോഡ് നിർമാണം വാർഡ്-16 |
| 5 | 1611007004/RC/268468 | രംഗകല പുന്നമൂട് റോഡ് നിർമാണം വാർഡ്-12 |
| 6 | 1611007004/RC/274173 | കണിയാംവെളി എടത്തോടത്ത് ഗ്രാവൽ റോഡ് നിർമാണം വാർഡ്-8 |
| 7 | 1611007004/RC/268465 | മാരാരിക്കുളം പാളശ്ശേരി റോഡ് നിർമാണം |
| 8 | 1611007004/RC/268695 | പൊക്ളാശ്ശേരി ക്ഷേത്രം കോനാട്ട് റോഡ് നിർമാണം വാർഡ്-4 |
| 9 | 1611007004/RC/276204 | എടത്തോടത്ത് മാനാട്ട് ഗ്രാവൽ റോഡ് നിർമാണം വാർഡ്-8 |
| 10 | 1611007004/RC/268462 | പള്ളിക്കതയ്യിൽ വലിയതയ്യിൽ റോഡ് നിർമാണം വാർഡ്-16 |

| | | |
|---|---|---|
| 11 | 1611007004/RC/53228 | മുല്ലശ്ശേരി -പല്ലിവീട് റോഡ് നിർമാണം വാർഡ്-9 |
| 12 | 1611007004/RC/273460 | കുമ്പളത്തറ ചക്കനാട്ട് ഗ്രാവൽ റോഡ് നിർമാണം വാർഡ്-10 |
| 13 | 1611007004/RC/268694 | കമ്പിയകത്ത് പട്ടകുളങ്ങര റോഡ് നിർമാണം വാർഡ്-12 |
| 14 | 1611007004/RC/268730 | പടവൂർ കുഞ്ചൻവെളി ഗ്രാവൽ റോഡ് നിർമാണം വാർഡ്-4 |
| 15 | 1611007004/RC/268456 | കളരിക്കൽ കശുവണ്ടി ഫാക്ടറി റോഡ് നിർമാണം വാർഡ്-11 |
| 16 | 1611007004/RC/268732 | മാരാരി ബീച്ച് പരുത്തിക്കാട് ഗ്രാവൽ റോഡ് നിർമാണം വാർഡ്-14 |
| 17 | 1611007004/RC/268734 | വലിയവീട് പനമ്പുകാട് ഗ്രാവൽ റോഡ് നിർമാണം വാർഡ്-14 |
| 18 | 1611007004/RC/269928 | മന്നത്താംപറമ്പ് പള്ളിക്കാവ് ചിറ ഗ്രാവൽ റോഡ് നിർമാണം വാർഡ്-6 |
| 19 | 1611007004/RC/276025 | നെടുംചിറയിൽ കാവരത്തിൽ റോഡ് നിർമാണം വാർഡ്-3 |

മേൽ പദ്ധതികൾക്കായി വിട്ടുകിട്ടിയ ഭൂമി പഞ്ചായത്തിന്റെ പേരിൽ കൂട്ടിചേർത്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24 തീ.10.01.2020) മറുപടി ലഭ്യമാക്കിയില്ല. വിട്ടു കിട്ടിയ ഭൂമി പഞ്ചായത്തിന്റെ ആസ്തിയാക്കി മാറ്റുന്നതിനുള്ള നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

ഇല്ല

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018 | 274973 | തരിശുരഹിതഗ്രാമം | 274973 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018 | 110500 | ഹരിതകേരളം | 108800 | 1700 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018 | 1520376 | ലൈഫ് ജനറൽ | 1449336 | 71040 |
| ബ്ലോക്ക് പഞ്ചായത്ത് | 2018 | 361460 | ലൈഫ്-എസ്.സി | 320000 | 41460 |
| ബ്ലോക്ക് പഞ്ചായത്ത് | 2018 | 325000 | ഭിന്നശേഷിസ്കോളർഷിപ്പ് | 325000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018 | 200000 | എസ്.സി.പഠനമുറി | 185000 | 15000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018 | 700000 | പാലിന് സബ്സിഡി | 700000 | 0 |
| ജില്ല പഞ്ചായത്ത് | 2018 | 1200000 | എസ്.സി.പഠനമുറി | 0 | 1200000 |
| ജില്ല പഞ്ചായത്ത് | 2018 | 2274470 | ലൈഫ് ജനറൽ | 2274470 | 0 |
| ജില്ല പഞ്ചായത്ത് | 2018 | 312239 | ലൈഫ്-എസ്.സി | 0 | 312239 |
| ജില്ല പഞ്ചായത്ത് | 2018 | 1250000 | ബഡ്സ് സ്കൂൾ | 0 | 1250000 |
| ജില്ല പഞ്ചായത്ത് | 2018 | 425000 | ഭിന്നശേഷി സ്കോളർഷിപ്പ് | 325000 | 100000 |
| ജില്ല പഞ്ചായത്ത് | 2017 | 4000000 | ഗ്രീൻക്ളീൻ മാരാരിക്കുളം | 0 | 4000000 |
| ജില്ല പഞ്ചായത്ത് | 2018 | 100000 | അങ്കണവാടി പോഷകാഹാരം | 100000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KADCO | ഹൈടെക്ക് കോൺഫറൻസ് ഹാൾ | 211/25.2.2019 | 426425 | 0 | 426425 |
| -ടി- | -ടി- | 81/27.10.2018 | 2400000 | 0 | 2400000 |
| -'ടി- | -ടി- | 108/26.11.2018 | 2000000 | 0 | 2000000 |
| -ടി- | -ടി- | 210/25.2.2019 | 1100000 | 0 | 1100000 |
| KWA | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 79/27.10.2018 | 196000 | 0 | 196000 |
| -ടി- | -ടി- | 80/27.10.2018 | 13000 | 0 | 13000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 31574707/-രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | | 31574707 | 0 | 0 | 0 | 31574707 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 13388390 |
| തൻവർഷം നിക്ഷേപിച്ച തുക | 11415297 |
| ആകെ | 24803687 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 24803687 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു</u>

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | അക്കൗണ്ട് നം. |
|---|---|---|---|---|---|
| 1 | DCB | 05.03.2019 | 158 ദിവസം | 12025 | 2954 |
| 2 | DCB | 09.05.2019 | 12 മാസം | 340985 | 6393 |
| 3 | DCB | 08.12.2018 | 180 ദിവസം | 5588832 | 3041 |
| 4 | DCB | 31.12.2018 | 181 ദിവസം | 5185959 | 3110 |
| 5 | DCB | 31.12.2018 | 180 ദിവസം | 5185959 | 3109 |
| 6 | DCB | 08.12.2018 | 180 ദിവസം | 5588832 | 3042 |
| 7 | DCB | 10.01.2019 | 180 ദിവസം | 1448518 | 5321 |
| 8 | DCB | 04.01.2019 | 180 ദിവസം | 1452577 | 5320 |
| ആകെ | | | | 24803687 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 8660/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | വൗച്ചർ നമ്പർ/ തീയതി |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 2003-2004 | 3-9 | 8000 | ലതികാദേവി, മുൻസെക്രട്ടറി | 118020101906/31.10.18 |
| 1997-98 | 7 | 660 | ശ്രീജ.എസ് | 118020101038/10.07.18 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 130435528 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 126413241 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 8295788 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17(a) | 5926425 | കെ.എം.ഷിബു.സെക്രട്ടറി |
| 1-17(b) | 89693 | -ടി |
| 1-17(c) | 209000 | -ടി |
| 1-17(d) | 1875000 | ഡോ.ജോർജ്ജ് വർഗ്ഗീസ് ,വെറ്റിനറി സർജൻ |
| 1-18 | 4670 | ഡോ.വിദ്യ എം.പൈ,മെഡിക്കൽ ഓഫീസർ ഹോമിയോ |
| 1-21 | 41000 | റോഷ്ന എസ്.,കൃഷി ഓഫീസർ |
| 1-22 | 150000 | ജി.വി. വിനോദ് കുമാർ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 8295788 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.എം.ഷിബു, സെക്രട്ടറി | സീനിയർ സൂപ്രണ്ട്, ജില്ലാ പഞ്ചായത്ത് | ഷാനി നിവാസ്, നോർത്ത് ആര്യാട്, ആലപ്പുഴ |
| ഡോ.വിദ്യ. എം.പൈ, മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ ഹോമിയോ, മാരാരിക്കുളം ഗ്രാമപഞ്ചായത്ത് | കുണ്ടേലാറ്റ് ഹൗസ്, തിരുപ്പതി ലെയിൻ, എസ്.എൽ.പുരം |
| റോഷ്ന. എസ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ, മാരാരിക്കുളം ഗ്രാമപഞ്ചായത്ത് | പൊയ്കവില്ല, കല്ലമ്പലം പി.ഒ |
| സ്മിത.ഒ, വി.ഇ.ഒ | വി.ഇ.ഒ., മാരാരിക്കുളം ഗ്രാമപഞ്ചായത്ത് | വെളിയിൽ, ആര്യാട് നോർത്ത്.പി.ഒ, ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.എ5-1832/11/20-01-12 – ഓഡിറ്റ് അദാലത്ത് 2011-12 |
| 2002-03 | |
| 2003-04 | |
| 2004-05 | |
| 2005-06 | |
| 2006-07 | എൽ.എഫ്.ജി.എ-5/1577/13/7-6-2014 - ഓഡിറ്റ് അദാലത്ത് 2013-14 |
| 2007-08 | |
| 2008-09 | |
| 2009-10 | |
| 2010-11&2011-12 | എൽ.എഫ്.എ.പി8-251/13/14.05.13/26.06.2013 |
| 2012-13 | എൽ.എഫ്.എ.പി8-480/14/25.06.14/10.11.2014 |
| 2013-14 | എൽ.എഫ്.എ.പി8-559/15/17.07.15/04.08.2015 |
| 2014-15 | കെ.എസ്.എ-എ.എൽ.പി/പി8-633/16, തീയതി. 16.06.2016 |
| 2015-16 | കെ.എസ്.എ/എ.എൽ.പി/പി8/1528/16 തീയതി.03.01.2017 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി8/860/17 തീയതി.10.07.2017 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/പി8/317/19 തീയതി.04.05.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## <u>അനുബന്ധം.1</u>

നം.കെ.എസ്.എ-എ.എൽ.പി/പി.8-546/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,<br>
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ<br>
തീയതി: 29.06.2019

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്<br>
ജില്ല ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# അനുബന്ധം.2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ